©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2017 ആഗസ്റ്റ് 17<br>17th August 2017<br>1193 ചിങ്ങം 1<br>1st Chingam 1193<br>1939 ശ്രാവണം 26<br>26th Sravana 1939 | നമ്പർ<br>No. | 1803 |

## കേരള സർക്കാർ

സാംസ്കാരിക കാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 24/2017/സാം.കാ.വ.

*തിരുവനന്തപുരം, 2017 ആഗസ്റ്റ് 16 / 1192 കർക്കടകം 31.*

**എസ്. ആർ. ഒ. നമ്പർ 519/2017.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) 1/2013/സാം.കാ.വ. നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 246/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിലേക്കായി, ഇതിനാൽ താഴെപ്പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/2946/2017/S-11.

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2017-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ, 14-ാം ഖണ്ഡികയിൽ, (3)-ാം ഉപഖണ്ഡികയിൽ "രണ്ടായിരം" എന്ന വാക്കിനുപകരം "മൂവായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതും എസ്.ആർ.ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്തതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 14-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡികപ്രകാരം ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹനാകുന്ന കലാ സാംസ്കാരിക പ്രവർത്തകന് നൽകാവുന്ന കുറഞ്ഞ പെൻഷൻ മൂവായിരം രൂപയായി വർദ്ധിപ്പിക്കുന്നതിനായി പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.